## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 2646 19.07.2011-ൽ മറുപടിയ്ക്ക്

### കാവേരി നദീജല തർക്കപരിഹാര ട്രൈബ്യൂണൽ തീരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ.ബെന്നി ബഹനാൻ;<br>ശ്രീ. കെ.അച്ചുതൻ: | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | കാവേരി നദീജല തർക്ക പരിഹാര ട്രൈബ്യൂണൽ തീരുമാനപ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; | എ) | 30 TMC |
| ബി) | കഴിഞ്ഞ 5 വർഷകാലയളവിൽ കേരളം എത്ര അളവ് വെള്ളം ഉപയോഗിച്ചു എന്ന് വ്യക്തമാക്കുമോ; കേരളത്തിന് അർഹതപ്പെട്ട ജലം മുഴുവൻ ഉപയോഗിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | ബി) | കബനി ബേസിനിൽ ഉൾപ്പെടുന്ന കാരാപ്പുഴ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തത് 20.06.2010 -ലാണ്. ഈ പദ്ധതിയുടെ 601 ഹെക്ടർ സ്ഥലത്ത് 2011 ഫെബ്രുവരി ഏപ്രിൽ കാലയളവിൽ ജലസേചനം നടത്തിയിട്ടുണ്ട്. കബനി ബേസിനിലെ കുറ്റ്യാടി Augmentation Scheme, ബാണാസുരസാഗർ പദ്ധതി ഇവ വഴിയായി മൊത്തം 6.7 TMC ജലം ഉപയോഗിക്കുവാനായി പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നു. കേരളത്തിന് അർഹതപ്പെട്ട ജലം മുഴുവൻ ഉപയോഗിക്കുവാനായി കാവേരി നദീതടത്തിൽ കബനി, ഭവാനി,പാമ്പാർ എന്നീ ഉപനദീതടങ്ങളിൽ വിവിധ ജലസേചന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇവയുടെ പര്യവേഷണം വിവിധ ഘട്ടങ്ങളിലാണ്. പര്യവേഷണം പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് പ്രവർത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ അനുവദിച്ചിട്ടുള്ള ജലം മുഴുവൻ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ |
| സി) | കബനി നദീജലത്തിൽ നിന്നുള്ള കേരളത്തിന്റെ വിഹിതം കൊണ്ട് ഏതെല്ലാം ജില്ലകളിലെ കർഷകർക്കാണ് പ്രയോജനം ലഭിക്കുക എന്നും ഇതു കൊണ്ടുള്ള പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | സി) | വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിലെ കർഷകർക്കാണ് പ്രയോജനം ലഭിക്കുക . ഇതുകൊണ്ടുള്ള പ്രധാന ലക്ഷ്യം ജലസേചനമാണ്. |
| ഡി) | കരാർ മുഖേന ലഭിക്കുന്ന ജലം പൂർണ്ണമായും പ്രയോജന പ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കുമോ; | ഡി) | കബനി ബേസിനിലെ പദ്ധതികളുടെ പര്യവേഷണം ഉപഗ്രഹ സംവിധാനത്തിന്റെ സഹായത്തോടുകൂടി പുരോഗമിച്ചു വരുന്നു.<br>പാമ്പാർ ബേസിനിലെ തലയാർ ചെങ്കലാർ പദ്ധതികളുടെ ഡി.പി.ആർ അംഗീകാരത്തി നായി സി.ഡബ്ല്യു.സി.യ്ക്ക് അയച്ചു. മറ്റു പ്രോജക്ടുകൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ തുടർന്നു വരുന്നു. ഭവാനി ബേസിനിലെ അട്ടപ്പാടിയിൽ മുമ്പ് വിഭാവനം ചെയ്തതുപോലെ വലിയ ഡാം വേണമോ അതോ പരിസ്ഥിതിയ്ക്കും, ഗിരിവർഗ്ഗവിഭാഗക്കാരുടെ ആവാസ വ്യവസ്ഥയ്ക്കും കോട്ടം ഉണ്ടാകാത്ത വിധത്തിൽ ചെറിയ ഡാം മതിയോ എന്ന കാര്യത്തിൽ നയപരമായ തീരുമാനം സർക്കാർ ഉടൻ എടുക്കേണ്ടതാണ്. |
| ഇ) | മലബാറിലെ കാർഷികരംഗത്ത് വൻ മാറ്റങ്ങൾ വരുത്തുന്നതിനായി പ്രസ്തുത ജലം പൂർണ്ണമായി ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | ഇ) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ